# കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറിയുടെ നടപടിക്രമം

(ഹാജർ: എ.സന്തോഷ്)

വിഷയം :കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ- തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ പൊതുതിരഞ്ഞെടുപ്പ് 2020- വോട്ടെടുപ്പ് മാറ്റിവച്ച ത്രിതല പഞ്ചായത്തുകളിലെ പ്രത്യേക തിരഞ്ഞെടുപ്പ് -മായാത്ത മഷി ഉപയോഗിച്ച് വിരലിൽ അടയാളം രേഖപ്പെടുത്തുന്നത്- മാർഗ്ഗനിർദ്ദേശം - ഉത്തരവ് - പുറപ്പെടുവിക്കുന്നു.

സൂചന : 28/12/2020-ലെ 347/2020/സം.തി.ക. നമ്പർ വിജ്ഞാപനം.

നമ്പർ : ബി1/39258 /2020/സം.തി.ക

തീയതി: 08.01.2021

## ഉത്തരവ്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പൊതുതിരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥികളുടെ മരണംമൂലം വോട്ടെടുപ്പ് മാറ്റിവച്ച കൊല്ലം ജില്ലയിലെ ജി. 51 പന്മന ഗ്രാമപഞ്ചായത്തിലെ 05. പറമ്പിമുക്ക്, 13 ചോല വാർഡുകളിലും ആലപ്പുഴ ജില്ലയിലെ ജി. 56 ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്തിലെ 07. പി. എച്ച്. സി വാർഡിലും കോഴിക്കോട് ജില്ലയിലെ ജി. 65 മാവൂർ ഗ്രാമപഞ്ചായത്തിലെ 11. താത്തൂർ പൊയ്യിൽ വാർഡിലും കണ്ണൂർ ജില്ലാ പഞ്ചായത്തിലെ 07. തില്ലങ്കേരി വാർഡിലും 2021 ജനുവരി 21 ന് പ്രത്യേക തിരഞ്ഞെടുപ്പ് നടത്തുവാൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സൂചന പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

2) പ്രസ്തുത വാർഡുകളിലെ വോട്ടർമാർ 2020 ഡിസംബർ 08, 14 തീയതികളിൽ നടത്തിയ മറ്റ് പഞ്ചായത്ത് തലങ്ങളിലെ വോട്ടെടുപ്പിൽ പങ്കെടുത്തിട്ടുള്ളതിനാൽ വോട്ടർമാരുടെ ഇടതു കൈയ്യിലെ ചൂണ്ടു വിരലിൽ പുരട്ടിയ മഷി കൊണ്ടുള്ള അടയാളം പൂർണ്ണമായും മായാത്ത സാഹചര്യത്തിൽ കേരള പഞ്ചായത്ത് (തിരഞ്ഞെടുപ്പ് നടത്തിപ്പ്)

ചട്ടങ്ങളിലെ ചട്ടം 33 (4) നൽകുന്ന അധികാരം വിനിയോഗിച്ച് 2021 ജനുവരി 21 ന് നടക്കുന്ന പ്രത്യേക തിരഞ്ഞെടുപ്പിൽ "ഇടതു കൈയ്യിലെ ചൂണ്ട് വിരലിന്" പകരം വോട്ടർമാരുടെ "ഇടതു കൈയ്യിലെ നടുവിരലിൽ" മായാത്ത മഷി കൊണ്ട് അടയാളം ഇടേണ്ടതാണെന്ന് നിശ്ചയിച്ച് കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

എ.സന്തോഷ്
സെക്രട്ടറി

ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ & ജില്ലാ കളക്ടർ
കൊല്ലം, ആലപ്പുഴ, കോഴിക്കോട്, കണ്ണൂർ
ബന്ധപ്പെട്ട വരണാധികാരികൾക്ക്

പകർപ്പ്:-
ബന്ധപ്പെട്ട പ്രിസൈഡിംഗ് ഓഫീസർമാർക്ക്
ബന്ധപ്പെട്ട നോഡൽ ഓഫീസർമാർക്കും സെക്ഷനുകൾക്കും
സ്റ്റാന്റിംഗ് കൗൺസിൽ
പബ്ലിക് റിലേഷൻസ് ഓഫീസർ
കമ്മീഷണറുടെ പി.എസ്
കമ്മീഷണറുടെ സി.എ
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ